# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3151 18-10-2016 -ൽ മറുപടിക്ക്**

## കോതമംഗലം മണ്ഡലത്തിലെ ആദിവാസി കോളനികളുടെ വൈദ്യുതീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ വൈദ്യുതീകരണം പൂർത്തി യാകാത്ത എത്ര ആദിവാസി കോളനികളുണ്ട്; | (എ) & (ബി) | കോതമംഗലം മണ്ഡലത്തിൽ വൈദ്യുതീ കരണം പൂർത്തിയാകാത്ത 6 ആദിവാസി കോളനികളും വൈദ്യുതീകരണം പൂർത്തീകരിച്ച 5 കോളനികളും ആണ് ഉള്ളത്. |
| (ബി) | വൈദ്യുതീകരണം പൂർത്തീകരിച്ച എത്ര ആദിവാസി കോളനി കളുണ്ട്; | | |
| (സി) | വൈദ്യുതീകരിച്ചതും, വൈദ്യുതീ കരിക്കാത്തതുമായ കോളനികളുടെ പേര് വിവരം ലഭ്യമാക്കുമോ; | (സി) | പന്തപ്ര, മേതനപ്പാറ, പിണവൂർകുടി, വെള്ളാരംകുത്ത്, എളംബ്ലാശ്ശേരി എന്നിവ വൈദ്യുതീകരിച്ച കോളനികളും വാരിയം, തേര, ഉറിയംപെട്ടി, കുഞ്ചിപ്പാറ, തലവച്ചപാറ, ഇടുക്കി കോളനി (താളുകണ്ടം) എന്നിവ വൈദ്യുതീകരിക്കാത്ത കോളനികളും ആണ്. |
| (ഡി) | സമ്പൂർണ്ണ വൈദ്യുതീകരണ ത്തിന്റെ ഭാഗമായി മണ്ഡല ത്തിലെ മുഴുവൻ ആദിവാസി കോളനികളും വൈദ്യുതീകരിക്ക വാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വാരിയം, തേര, ഉറിയംപെട്ടി, കുഞ്ചിപ്പാറ, തലവച്ചപാറ എന്നീ കോളനികൾ വികേന്ദ്രീകൃത വൈദ്യുതോൽപാദനവും വിതരണവും (De-Centralised & Distributed Generation and Micro-Grid) സ്കീമിൽ ഉൾപ്പെടുത്തി സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടുക്കി കോളനി വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ തുക ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. വൈദ്യുതീകരണ ജോലികൾ ഉടനെ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ**